പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2028 15/07/2016 -ൽ മറുപടിയ്ക്ക്

ദേശീയപാതയോരത്ത് പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ദേശീയപാതയോരത്ത് പ്രവർത്തിക്കുന്ന എത്ര ബിവറേജസ് ഔട്ട് ലെറ്റുകൾ സംസ്ഥാനത്തുണ്ട്; ഇവ അവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതിന് ഹൈക്കോടതി നിർദ്ദേശം നിലവിലുണ്ടോ; | (എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 87 എഫ്.എൽ1 ഷോപ്പുകളും കൺസ്യൂമർഫെഡിന്റെ 4 ഷോപ്പുകളും ദേശീയ പാതയോരത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. ദേശീയ/സംസ്ഥാന പാതയോരത്തെ മദ്യശാലകൾ മാറ്റി സ്ഥാപിക്കുന്ന കാര്യത്തിൽ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശം നിലവിലുണ്ട്. എന്നാൽ ടി വിഷയം ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലുള്ളതും അന്തിമ തീരുമാനം ആയിട്ടില്ലാത്തതുമാണ്. |
| (ബി) എല്ലാ ബിവറേജസ് ഔട്ട് ലെറ്റുകളും ദേശീയ പാതയോരത്തുനിന്നും മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനുള്ള പ്രധാന വൈഷമ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ദേശീയ പാതയോരത്തെ മദ്യശാലകൾ മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുതിയ കെട്ടിടം കണ്ടെത്തുന്ന മുറയ്ക്ക് ടി ഷോപ്പുകൾ മാറ്റി സ്ഥാപിച്ചുവരികയാണ്. നിലവിലെ അബ്കാരി നിയമത്തിലെ ദൂരപരിധി അനുസരിച്ചുള്ള സ്ഥലം നിശ്ചിത ഏലുകയ്യുള്ളിൽ |

ലഭ്യമാകാത്തതിനാലും പുതിയ സ്ഥലത്തെ ബഹുജന പ്രക്ഷോഭങ്ങളും എതിർപ്പും, കൂടാതെ കെട്ടിട ഉടമകൾ അമിത വാടക ആവശ്യപ്പെടുന്നതും പുതിയ ഷോപ്പുകൾ മാറ്റി സ്ഥാപിക്കുന്ന തിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് ലൈസൻസ് നേടിയെടുക്കുന്നതി നുള്ള ബുദ്ധിമുട്ടും വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഏതെങ്കിലും ഔട്ട് ലെറ്റിന്റെ മാനേജർ ചുമതല വനിതകൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്തെ ഒരു എഫ്.എൽ1 ഔട്ട് ലെറ്റുകളിലും വനിതകൾക്ക് മാനേജർ ചുമതല നല്കിയിട്ടില്ല. അബ്കാരി ചട്ടങ്ങളും എഫ്.എൽ1 ലൈസൻസ് നിബന്ധനകളും വനിതകളെ എഫ്.എൽ.1 ഷോപ്പുകളിൽ ജോലിക്ക് നിയോഗിക്കുന്നത് വിലക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ